# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 20 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
ww.prd.kerala.gov.in, prdsabarimala2020@gmail.com

---

### ശബരിമല അന്നദാനം വഴിപാട് സമർപ്പണത്തിന് അവസരമൊരുങ്ങുന്നു

ശബരിമലയിൽ അയ്യപ്പ ദർശനത്തിനെത്തുന്ന ഒരു ഭക്തനും വിശന്നു തിരിച്ചുപോകാതിരിക്കാൻ പദ്ധതിയുമായി ദേവസ്വംബോർഡ്. വിശക്കുന്ന ഏത് ഭക്തനും ഒരു നേരത്തെ ആഹാരം നൽകുക എന്ന ലക്ഷ്യത്തോടെ ഇപ്പോൾ നടത്തിവരുന്ന അന്നദാനം വഴിപാട് സമർപ്പണമായി മാറ്റാനാണ് തീരുമാനമെന്നു എക്സിക്യൂട്ടീവ് ഓഫീസർ വി. എസ്. രാജേന്ദ്രപ്രസാദ് പറഞ്ഞു. ദിവസം 40000 പേർക്ക് മൂന്നുനേരം ഭക്ഷണം നൽകാൻ ഇപ്പോൾ സംവിധാനമുണ്ട്. ഭാരിച്ച സാമ്പത്തിക ചെലവാണ് ഇതിനു വേണ്ടിവരുന്നത്. ഇത് പരിഹരിക്കാനാണ് ശ്രമം.

ഒരു ദിവസം അന്നദാനത്തിനു മാത്രം ആറുലക്ഷം രൂപ വേണം. ഈ പണം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സമർപ്പണമായി കണ്ടെത്താൻ നടപടികൾ ആരംഭിച്ചതായി അദ്ദേഹം പറഞ്ഞു. ഒരു ദിവസത്തെ ചെലവിലേക്കായി ആറ് ലക്ഷം രൂപ സമർപ്പിക്കുന്ന വ്യക്തിയുടെ പേരിലായിരിക്കും അന്നത്തെ അന്നദാന വഴിപാട്. ഒരു നേരത്തേക്ക് രണ്ടുലക്ഷം രൂപ സമർപ്പിക്കുന്നവരുടെ പേരിലായിരിക്കും ആ നേരത്തെ അന്നദാന വഴിപാട്. അവരവരുടെ കഴിവിന് അനുസരിച്ച് സംഭാവനകൾ രണ്ടുലക്ഷം മുതൽ ആറുലക്ഷം രൂപ വരെ നൽകാവുന്നതാണ്. ഓരോരുത്തരും താൽപ്പര്യപ്പെടുന്ന തീയതിയും സമയവും അനുസരിച്ച് അന്നദാന വഴിപാട് നടത്താൻ അവസരം നൽകും. ഇതുമായി ബന്ധപ്പെട്ട് വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ശബരിമലയിൽ ഇപ്പോൾ നടത്തുന്ന അന്നദാനം ഇന്ത്യയിലെ ഇത്തരത്തിലുള്ള വലിയ സംരംഭങ്ങളിൽ ഒന്നാണ്. സന്നിധാനത്തെ അന്നദാനശാലയുടെ നിർമാണം പൂർത്തിയാകുമ്പോൾ ഒരു നേരം 5000 പേർക്കു വരെ ഭക്ഷണം നൽകാനാകും. ഇപ്പോൾ പരമാവധി 2500 പേർക്കാണ് നൽകി വരുന്നത്. വളരെ വൃത്തിയോടെയും ഭംഗിയോടെയുമാണ് ഇത് നിർവഹിച്ചുവരുന്നത്. 24 മണിക്കൂറും ഇവിടെ നിന്ന് ഭക്ഷണം ലഭിക്കും. ***(പി.ആർ. ശബരി-26)***

## അഖിലഭാരത അയ്യപ്പസേവാ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം

ശബരിമല തീർഥാടകർക്ക് ഭക്ഷണവും വെള്ളവും അടിയന്തര ചികിത്സാ സഹായവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്ന സന്നദ്ധ സംഘടനയായ അഖിലഭാരത അയ്യപ്പസേവാ സംഘത്തിന്റെ മണ്ഡല-മകരവിളക്ക് കാലത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. 260 വോളന്റിയർമാരാണ് ആദ്യ ഘട്ടത്തിൽ തീർഥാടകരെ സഹായിക്കാൻ രംഗത്തുള്ളത്. തിരക്ക് കൂടുന്നതനുസരിച്ച് കൂടുതൽ വോളന്റിയർമാരെത്തും. പമ്പ മുതൽ സന്നിധാനം വരെയുള്ള പരമ്പരാഗത പാതയിൽ ചുക്കുവെള്ള വിതരണത്തിനുള്ള കൗണ്ടറുകൾ പ്രവർത്തിക്കും. സന്നിധാനത്ത് ദിവസവും പതിനായിരത്തിൽ അധികം പേർക്ക് മൂന്ന് നേരത്തെ ഭക്ഷണം സൗജന്യമായി നൽകും. ഇതിനു പുറമേ പമ്പ, കരിമല, എരുമേലി, വലിയാനവട്ടം എന്നിവിടങ്ങളിൽ തീർഥാടകർക്ക് വിശ്രമിക്കാനുള്ള സൗകര്യവും ഭക്ഷണവും ഒരുക്കിയിട്ടുണ്ട്.

പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള വഴിയിൽ 14 ഇടങ്ങളിൽ ഓക്സിജൻ പാർലറുകൾ സജ്ജീകരിച്ചു. പ്രാഥമിക ശുശ്രൂഷക്കുള്ള സംവിധാനവും അവശരാകുന്നവരെ സ്ട്രക്ചറിൽ ചികിത്സാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള വോളന്റിയർമാരും ഇവിടെയുണ്ടാകും. പമ്പമുതൽ സന്നിധാനം വരെ എവിടെ വച്ചും അവശരാകുന്നവരെ സഹായിക്കാൻ അയ്യപ്പ സേവാസംഘം വോളന്റിയർമാർ ഓടിയെത്തും. സംഘത്തിന്റെ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന പോലീസിന്റെ വയർലസ് പോയിന്റിൽ നിന്നുള്ള അടിയന്തര ആവശ്യങ്ങളെക്കുറിച്ചുള്ള വിവരം ഇതിന് സഹായകമാകുന്നു.

സന്നിധാനത്ത് സംഘത്തിന്റേതായി ഒരു ആശുപത്രി പ്രവർക്കുന്നുണ്ട്. പമ്പയിൽ ഒരു ആംബുലൻസും സജ്ജമാണ്. പുണ്യം പൂങ്കാവനം പദ്ധതിയിൽ 50 വാളന്റിയർമാർ നിത്യവും ശുചീകരണ പ്രവർത്തനം നടത്തും. മകരവിളക്ക് കഴിഞ്ഞ് നട അടയ്ക്കുമ്പോൾ 150 വാളന്റിയർമാർ സന്നിധാനം മുതൽ പമ്പ വരെ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കും. മാസപൂജയ്ക്ക് നട അടച്ച ശേഷം സന്നിധാനം മുതൽ പമ്പ വരെ ശുചീകരണ പ്രവർത്തനം നടത്തുന്നുണ്ട്. അയ്യപ്പസേവാ സംഘത്തിന്റെ സന്നിധാനത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ദേശീയ വൈസ് പ്രസിഡന്റ് പി. ബാലനാണ്. ***(പി.ആർ. ശബരി-27)***

## ശബരിമല ക്രമീകരണങ്ങൾ തൃപ്തികരം: ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി ആർ രാമൻ

ശബരിമലയിൽ മണ്ഡല-മകരവിളക്ക് മഹോത്സവത്തിനായുള്ള ഒരുക്കങ്ങളും ക്രമീകരണങ്ങളും വളരെ തൃപ്തികരണമാണെന്ന് ദേവസ്വം

ഓംബുഡ്സ്മാൻ ജസ്റ്റിസ് പി ആർ രാമൻ പറഞ്ഞു. സന്നിധാനത്തും പരിസരത്തും നിയന്ത്രണങ്ങൾ നീക്കിയതോടെ ഭക്തർക്ക് വളരെ സ്വതന്ത്രമായി കാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്നുണ്ട്. അത് അവർക്ക് സന്തോഷവും സംതൃപ്തിയും പകരുന്നതാണ്. പുതിയ ഭണ്ഡാരം പരിശോധിച്ച് മാറ്റങ്ങൾ നിർദേശിച്ചിട്ടുണ്ട്. പമ്പ മുതൽ സന്നിധാനം വരെ പരമാവധി വൃത്തിയുള്ളതായി. അന്നദാനം വളരെ കൃത്യതയോടെ നടക്കുന്നുണ്ട്. കൂടാതെ ഭക്തർക്ക് വിരിവയ്ക്കാനും യഥേഷ്ടം സൗകര്യം ഏർപ്പെടുത്തിയതായി ബോധ്യപ്പെട്ടുവെന്നും അദ്ദേഹം പറഞ്ഞു.

ശബരിമലയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വർധിച്ചുവെന്ന് പറയാനാകില്ല. മറ്റു സംസ്ഥാനങ്ങളിൽ കാര്യമായ പ്രചാരണം നടത്തിയാൽ മാത്രമെ ഇരുമുടിക്കെട്ടിൽ നിന്ന് പ്ലാസ്റ്റിക് ഒഴിവാക്കാനാകൂ. പാവപ്പെട്ടവർക്കിടയിൽ ഇതു സംബന്ധിച്ച് അവബോധം കുറവാണ്. മാത്രമല്ല കടകളിൽ നിന്ന് ഭൂരിഭാഗം സാധനങ്ങളും പ്ലാസ്റ്റിക് കവറുകളിലാണ് ലഭിക്കുന്നത്. പ്ലാസ്റ്റിക് നിർമാർജന പ്രചാരണത്തിന്റെ കാര്യത്തിൽ മാധ്യമങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. പൂജാ സാധനങ്ങൾ പ്ലാസ്റ്റിക് കവറുകളിൽ നൽകുന്നത് ഒഴിവാക്കണം.

സോപാനത്ത് മൊബൈലിൽ വീഡിയോ പകർത്തുന്നത് പോലീസ് കർശനമായി വിലക്കണം. ശ്രീകോവിലിനുള്ളിലെ ദൃശ്യങ്ങൾ ഒരു കാരണവശാലും പുറത്ത് വരാൻ പാടില്ല. അവിടെ നടക്കുന്നത് ആരാധനയാണ് ടൂറിസമല്ല. ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

വലിയ നടപ്പന്തലിൽ സ്റ്റേജിനടുത്ത് തിരുമുറ്റത്തേക്ക് കയറുന്ന ഭാഗത്ത് ഭക്തർക്ക് ഭീഷണിയായിരുന്ന കോൺക്രീറ്റ് കമ്പികൾ ഓംബുഡ്സ്മാന്റെ നിർദേശപ്രകാരം മുറിച്ചു മാറ്റി. പാണ്ടിത്താവളത്ത് നിരന്ന് കിടക്കുന്ന ആണിയുള്ള വാർക്കപ്പലകകളും അന്നദാന മണ്ഡപത്തിൽ നിന്നും പുറത്തേക്ക് അയ്യപ്പൻമാർ ഇറങ്ങുന്ന വഴിയിൽ ഇളകി നിൽക്കുന്ന കമ്പി നീക്കം ചെയ്യാനും അദ്ദേഹം നിർദേശിച്ചു. ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ ചെയർമാൻ ജസ്റ്റിസ് സിരിജഗനും ക്രമീകരണങ്ങൾ പരിശോധിക്കാൻ എത്തിയിരുന്നു. ***(പി.ആർ. ശബരി-28)***

## പുണ്യം പൂങ്കാവനം: പ്ലാസ്റ്റിക് ശബരിമലയിലേക്ക് കൊണ്ടുവരാൻ പാടില്ല

പ്ലാസ്റ്റിക് ഒരു കാരണവശാലും ശബരിമലയിലേക്ക് കൊണ്ടുവരാതിരിക്കാൻ ഭക്തർ ശ്രദ്ധിക്കണമെന്ന് ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി ആർ രാമൻ പറഞ്ഞു. ശബരിമല സന്നിധാനത്തെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് നടപ്പാക്കി വരുന്ന പുണ്യം പൂങ്കാവനം ശുചീകരണ പരിപാടിയിൽ ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് സിരിജഗന് ഒപ്പം പങ്കാളിയായ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശബരിമലയെ പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിനുള്ള പരിശ്രമത്തിൽ എല്ലാ ഭക്തരും പങ്കാളികളാകണം. കെട്ട് നിറയ്ക്കാൻ ഉപയോഗിക്കുന്ന സാധനങ്ങൾ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞാണ് വരുന്നത്. കുങ്കുമം, മഞ്ഞൾപ്പൊടി ഉൾപ്പെടെയുള്ള സാധനങ്ങൾ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞു കൊണ്ടുവരാതിരിക്കാൻ ഭക്തർ ശ്രദ്ധിക്കണം. കടകളിൽ നിന്ന് പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ സാധനങ്ങൾ വാങ്ങില്ല എന്നു വരുമ്പോൾ അവർ അതു സ്റ്റോക്ക് ചെയ്യില്ല. സാധ

നങ്ങൾ കടലാസിൽ പൊതിയുന്നത് അനുയോജ്യമായിരിക്കും. കടലാസിൽ പൊതിഞ്ഞാൽ പ്ലാസ്റ്റിക് ശബരിമലയിൽ വരുന്നത് ഒഴിവാക്കാം. ശബരിമല വനപ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞു കൂടുമ്പോൾ സംസ്കരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈശ്വരനെ ഭജിക്കുന്ന എല്ലാവരും പ്രകൃതിയെയും ബഹുമാനിക്കണമെന്നും ജസ്റ്റിസ് പി ആർ രാമൻ പറഞ്ഞു.

പുണ്യം പൂങ്കാവനം ശുചീകരണത്തിന്റെ ഭാഗമായി തിരുമുറ്റത്തെ മാലിന്യങ്ങൾ നീക്കം ചെയ്തു. വിശുദ്ധിസേന, അയ്യപ്പസേവാസംഘം എന്നിവയിലെയും എൻഡിആർഎഫ്, ആർഎഎഫ്, പോലീസ്, എക്സൈസ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ ശുചീകരണത്തിൽ പങ്കാളികളായി.

***(പി.ആർ. ശബരി-29)***

## ഹൃദയാഘാതം: മുംബൈ മലയാളി മരിച്ചു

ശബരിമല ദർശനം കഴിഞ്ഞു ഡോളിയിൽ പമ്പയിലേക്കു മടങ്ങവേ ഹൃദയാഘാതത്തെ തുടർന്ന് മുംബൈ മലയാളിയായ തിലക് നഗർ സ്റ്റേഷൻ ചെമ്പൂർ ഹൗസിൽ  എം.വി. ബാലൻ(76) മരിച്ചു. ഡോളിയിൽ സഞ്ചരിച്ച ബാലനെ നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് മരക്കൂട്ടം എമർജൻസി മെഡിക്കൽ സെന്ററിലും, അപ്പാച്ചിമേട് കാർഡിയാക് സെന്ററിലും പ്രവേശിപ്പിച്ച് ചികിത്സ നൽകിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഉച്ചയ്ക്ക് ഒരുമണിയോടെയായിരുന്നു മരണം.  മല കയറുന്നതിനിടെ അസ്വസ്ഥത ഉണ്ടായ പ്രമേഹ ബാധിതനായ ബാലൻ ഡോളിയിലാണ് സന്നിധാനത്തേക്കു പോയത്. പമ്പയിലേക്കുള്ള യാത്രാ മധ്യേ മരക്കൂട്ടത്തിനടുത്തുള്ള എമർജൻസി മെഡിക്കൽ സെന്റർ എട്ടിനു സമീപം വച്ചാണ് ഹൃദയാഘാതം സംഭവിച്ചത്. എമർജൻസി മെഡിക്കൽ സെന്റിലെ ജീവനക്കാർ അടിയന്തിര ചികിത്സ ലഭ്യമാക്കുകയും ഉടൻ തന്നെ അപ്പാച്ചിമേട് കാർഡിയോളജി സെന്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ***(പി.ആർ. ശബരി-30)***

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 20 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664
ww.prd.kerala.gov.in, prdsabarimala2020@gmail.com

---

# ശക്തമായ സുരക്ഷയിൽ സന്നിധാനവും പരിസരവും

**അത്യാധുനീക സംവിധാനങ്ങളോടെ ക്യാമറ സംവിധാനങ്ങളൊരുക്കി പോലീസ്**

**360 ഡിഗ്രി ആംഗിളിൽ 136 ക്യാമറകൾ 24 മണിക്കൂറും പ്രവർത്തിക്കും**

**കളക്ടർക്കും എസ്.പിക്കും ചേംബറിൽ ഇരുന്ന് വീക്ഷിക്കാം**

**കുറ്റവാളികൾ ക്യാമറയ്ക്ക് മുന്നിൽ എത്തിയാൽ പിടി വീഴും**

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് തീർഥാടകർക്ക് സുരക്ഷിതമായ തീർഥാടനകാലമൊരുക്കി പോലീസ് വിഭാഗം. ഇതിന്റെ ഭാഗമായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവടങ്ങളിൽ സി.സി.ടി.വി നിരീക്ഷണ സംവിധാനം കൂടുതൽ ശക്തമാക്കി. അത്യാധുനിക സംവിധാനങ്ങളോടുള്ള 360 ഡിഗ്രി ആംഗിളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ കമ്പനിയായ ഹണിവെല്ലിന്റെ 136 ക്യാമറകളാണ് 24 മണിക്കൂറും പ്രവർത്തിക്കുന്നത്. പമ്പ, സന്നിധാനം, എന്നിവിടങ്ങളിലുള്ള പോലീസ് കൺട്രോൾ റൂമിലാണ് ഇതിന്റെ കൺട്രോൾ റൂം പ്രവർത്തിക്കുക. കുറ്റവാളികൾ, പോലീസിന്റെ നിരീക്ഷണപട്ടികയിലുള്ളവർ, ഇങ്ങനെയുള്ള മുഴുവൻ ആളുകളുടേയും ലിസ്റ്റ് ഇതിൽ ഫീഡ് ചെയ്തിട്ടുള്ളതിനാൽ ഇത്തരം ആളുകൾ ഈ പ്രദേശങ്ങളിലെത്തിയാൽ ഉടൻ പോലീസ് കൺട്രോൾ റൂമിൽ വിവരമെത്തും. മാത്രമല്ല കൃത്യമായി മുഴുവൻ സ്ഥലങ്ങളും നിരീക്ഷിക്കാനും മോഷണം,

കുട്ടികളെ കാണാതാകൽ എന്നിങ്ങനെയുള്ളവ തടയുന്നതിനും, വന്യമൃഗങ്ങളുടെ സാന്നിധ്യം തിരിച്ചറിയുന്നതിനും ഈ സംവിധാനത്തിലൂടെ കഴിയും.

പമ്പ, സന്നിധാനം പോലീസ് കൺട്രോൾ റൂമുകൾക്ക് പുറമേ ജില്ലാ കളക്ടർ, ജില്ലാ പോലിസ് മേധാവി, സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർക്ക് മാത്രമാണ് ഈ ദൃശ്യങ്ങൾ ലൈവായി കാണാനാകുക. ഇവിടെ നിന്ന് ആവശ്യമായ നിർദേശങ്ങൾ നൽകാനും കഴിയും.

18 ടി.ബി സെർവറിൽ സ്റ്റോർ ചെയ്യപ്പെടുന്ന ദൃശ്യങ്ങൾ വർഷങ്ങളോളം സംരക്ഷിക്കുകയും ചെയ്യും. മൂന്ന് വർഷമായി ഈ സംവിധാനം നിലവിൽ വന്നിരുന്നെങ്കിലും ഈ വർഷം വിപുലീകരിക്കുകയായിരുന്നു.

സംസ്ഥാന പോലീസ് വിഭാഗം, കെൽട്രോൺ, കെസ്വാൻ, ബി.എസ്.എൻ.എൽ, അമേരിക്കൻ കമ്പനിയായ ഹണിവെൽ ടീം എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. ***(പി.ആർ. ശബരി-31)***

## ശബരിമല തീർഥാടനം:
## ഹോട്ടലുകളിൽ സ്ക്വാഡുകൾ നടത്തിയ
## മിന്നൽ പരിശോധനയിൽ 35,000 പിഴ ഈടാക്കി

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് നിലയ്ക്കൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഹോട്ടലുകൾ ഉൾപ്പെടെയുള്ള കടകളിൽ പ്രത്യേക സ്ക്വാഡുകൾ നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയ കടകളിൽ നിന്നും 35,000 രൂപ പിഴ ഈടാക്കി. ജില്ലാ കളക്ടർ നിജപ്പെടുത്തിയ അളവിൽകുറച്ച് ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തിയതിനും പാക്കറ്റുകളിൽ നിയമാനുസൃതമായി ഉണ്ടായിരിക്കേണ്ട വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താതിരുന്നതിനുമാണ് പിഴ ഈടാക്കിയതെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.

കടകൾക്ക് ലൈസൻസ്, തൊഴിൽ കാർഡ്, സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ് തുടങ്ങിയവ ഹാജരാക്കാതിരുന്ന എട്ടു ഹോട്ടലുകൾക്ക് നോട്ടീസ് നൽകി. ഭക്ഷണത്തിന് ഗുണനിലവാരം ഇല്ലാത്തതിന് 3000 രൂപയും പിഴ ഈടാക്കി. നിരോധിക പുകയില ഉൽപ്പന്നങ്ങൾ വിൽപന നടത്തിയതിന് അഞ്ച് സ്ഥാപനങ്ങളിൽ നിന്ന് 3000 രൂപ പിഴ ഈടാക്കി.

***(പി.ആർ. ശബരി-32)***

## ജാഗ്രതാ നിർദേശം

കെഎസ്ഇബിയുടെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിന് അനുസൃതമായി പമ്പ, കക്കി നദികളിലെ ജലനിരപ്പിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഈ നദികളിലെ കുളിക്കടവുകൾ ഉപയോഗിക്കുന്ന പ്രദേശവാസികളും അയ്യപ്പഭക്തരും അതീവ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. ***(പി.ആർ. ശബരി-33)***

## ഇന്ന് (21) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടത്തോടനുബന്ധിച്ച് ഇന്ന് (21) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ : നീതി മെഡിക്കൽ സ്റ്റോർ കോന്നി, ബർക്കത്ത്

മെഡിക്കൽസ് കുമ്പഴ പത്തനംതിട്ട, കൃപ മെഡിക്കൽസ് കോഴഞ്ചേരി, കുളത്തിൻകരോട്ട് മെഡിക്കൽസ് അടൂർ, സപ്ലൈകോ മാവേലി മെഡിക്കൽസ് സ്റ്റോർ പന്തളം, ശ്രീ മെഡിക്കൽസ് മതിൽഭാഗം തിരുവല്ല, മേമന മെഡിക്കൽ സ്റ്റോർ അങ്ങാടി റാന്നി, പടിഞ്ഞാറെമണ്ണിൽ മെഡിക്കൽസ് മാടമൺ റാന്നി.

**ഫോട്ടോ അടിക്കുറിപ്പ്**

ഡിസി) കളക്ടറുടെ ചേമ്പറിൽ ഇരുന്ന് ദൃശ്യങ്ങൾ നിരീക്ഷിക്കുന്ന ജില്ലാ കളക്ടർ പി.ബി നൂഹ്

